# ആണവ സ്ഥാപനങ്ങളുടെ പട്ടിക ഇന്ത്യയും പാകിസ്ഥാനും കൈമാറി

ജനുവരി 01, 2014

ഇന്ത്യയ്ക്കും പാകിസ്ഥാനും ഇടയിലുള്ള ആണവ സ്ഥാപനങ്ങൾക്കെതിരേയുള്ള ആക്രമണങ്ങൾ നിരോധിക്കുന്ന കരാറിന് കീഴിൽ വരുന്ന (Agreement on the Prohibition of Attack against Nuclear installations between India and Pakistan) ആണവ സ്ഥാപനങ്ങളുടെയും സൌകര്യങ്ങളുടെയും പട്ടിക ഇന്ത്യയും പാകിസ്ഥാനും ഡൽഹിയിലും ഇസ്ലാമാബാദിലുമായി നയതന്ത്ര വഴികളിലൂടെ ഇന്ന് ഒരേ സമയത്ത് കൈമാറി.

ഡിസംബർ 31, 1988 നു ഒപ്പ് വച്ച കരാർ ജനുവരി 27, 1991 മുതൽ ആണ് പ്രാബല്യത്തിൽ വന്നത് . ഈ കരാർ പ്രകാരം മറ്റു പലതിൻറെയും കൂട്ടത്തിൽ എല്ലാ കലണ്ടർ വർഷത്തിലും ജനുവരി ഒന്നിന് ഇരു രാജ്യങ്ങളിലെയും കരാറിൻറെ കീഴിൽ വരുന്ന ആണവ സ്ഥാപനങ്ങളുടെയും സൌകര്യങ്ങളുടെയും വിവരങ്ങൾ പരസ്പരം കൈമാറ്റം ചെയ്യണം. ഇരു രാജ്യങ്ങളും തമ്മിലുള്ള ഇരുപത്തി മൂന്നാമത്തെ പട്ടികയാണ് കൈമാറ്റം ചെയ്തത്. ആദ്യ പട്ടിക ജനുവരി 1, 1992 നാണു കൈമാറ്റം ചെയ്തത് .

ന്യൂഡെൽഹി
ജനുവരി 01, 2014